അയ്യപ്പനും കോശിയും - റിവ്യൂ

ലക്ഷദ്വീപിന്റെ സൗന്ദര്യം ഒട്ടും ചോരാതെ, പതിന്മടങ്ങായി തിരശീലയിൽ എത്തിച്ച അനാർക്കലി എന്ന വിജയചിത്രത്തിനു ശേഷം പ്രിഥ്വിരാജിനെയും ബിജു മേനോനെയും കേന്ദ്രകഥാപാത്രങ്ങളാക്കി സച്ചി തിരക്കഥ എഴുതി സംവിധാനം ചെയ്ത ഏറ്റവും പുതിയ ചിത്രം ആണ് അയ്യപ്പനും കോശിയും... പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ അയ്യപ്പന്റെയും കോശിയുടെയും കഥയാണ് ചിത്രം പറയുന്നത്...

ഒരെട്ടു പത്തു വർഷം മുമ്പുവരെ മലയാള സിനിമയിൽ ഒരു ഫുൾ ലെങ്ത് മാസ്കുലാനിറ്റിയുടെ ആഘോഷം കൊട്ടിക്കയറുമായിരുന്ന ഒരു ക്ലൈമാക്സിൽ നിന്നാണ് ഈ സിനിമ ആരംഭിക്കുന്നതു തന്നെ. വാണിജ്യ സിനിമയുടെ ചട്ടക്കൂടുകൾക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ടുതന്നെ സാമ്പ്രദായിക കാഴ്ച്ചാ ശീലങ്ങളിന്മേൽ റീവർക്ക് നടത്തുകയെന്നത് അത്രമേൽ ശ്രമകരമായ ജോലിയാണ്. പക്ഷേ അതിൽ വിസ്മയകരമാം വിധം വിജയം കൈവരിക്കുന്നുണ്ട് സച്ചിയുടെ ഈ രണ്ടാം സംവിധാന സംരംഭം.

ചെറിയൊരു കഥാ തന്തുവിൽ നിന്നും വികാസം പ്രാപിക്കുന്ന, വ്യത്യസ്തമായ അസ്വാഭാവികത തുളുമ്പുന്ന പ്രമേയങ്ങൾ വളരെ രസകരമായി, വിശ്വസനീയമായി അവതരിപ്പിക്കുന്നതിലുള്ള തന്റെ വൈദഗ്ദ്ധ്യം സേതുവിനൊപ്പം ചേർന്ന് എഴുതിയ ചോക്ലേറ്റ് മുതൽ, അടുത്തിറങ്ങിയ ഡ്രൈവിംഗ് ലൈസൻസ് വരെയുള്ള ചിത്രങ്ങളിലൂടെ ഇതിനോടകം സച്ചി തെളിയിച്ചു കഴിഞ്ഞതാണ്. അതിനോടൊപ്പമോ മുകളിലോ നിൽക്കുന്ന ചിത്രം ആണ് അയ്യപ്പനും കോശിയും.

അട്ടപ്പാടിയുടെ പശ്ചാത്തലത്തിൽ നടക്കുന്ന കഥയിൽ, കോശി കുര്യൻ എന്ന റിട്ടയേർഡ് പട്ടാളക്കാരനും അട്ടപ്പാടിക്കാരൻ ആയ എസ് ഐ അയ്യപ്പൻ നായരും തമ്മിലുണ്ടാകുന്ന ഒരു പ്രശ്നവും അവരുടെ ഈഗോയും അതിൽ നിന്നും ഉടലെടുക്കുന്ന വാശിയും, വൈരാഗ്യവും പകയും എല്ലാം ആണ് ചിത്രം പറയുന്നത്. തന്റെ മുൻചിത്രമായ ഡ്രൈവിംഗ് ലൈസൻസ് എന്ന ചിത്രത്തിലേതു പോലെ തന്നെ രണ്ട് വ്യക്തികൾ തമ്മിലുണ്ടാകുന്ന ഈഗോ ക്ലാഷ് തന്നെയാണ് ഈ ചിത്രത്തിന്റെയും അടിസ്ഥാന കഥ. പക്ഷെ ഇവിടെ ആ ഈഗോ ക്ലാഷ് അതിന്റെ പാരമ്യത്തിൽ എത്തി നിൽക്കുന്നു. ഏകദേശം മൂന്നു മണിക്കൂർ ദൈർഘ്യം ഉള്ള ചിത്രം പക്ഷെ പ്രേക്ഷകനെ മുഷിപ്പിക്കാതെ വിധം അവതരിപ്പിക്കുന്നതിൽ ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട് സച്ചി.

സമീപകാലത്തെ മുഖ്യധാരാ സിനിമകളിലെ ഏറ്റവും മികച്ച സ്ക്രീൻ പ്രസൻസാണ് ഈ ചിത്രത്തിലെ ബിജു മേനോന്റേത്.വലിച്ചു വാരിയുള്ള ഡയലോഗുകളില്ലാതെ ചാട്ടുളി പോലുള്ള നോട്ടങ്ങളാലും ടെറിഫിക്കെന്നു തന്നെ വിശേഷിപ്പിക്കേണ്ട ശരീരഭാഷയാലും അയാൾ അയ്യപ്പൻനായരെ

അതിഗംഭീരമാക്കിയിട്ടുണ്ട്. ഗൗരി നന്ദയുടെ ഭാര്യാ കഥാപാത്രം ഒരുപാട് മാനങ്ങളുള്ള ഒന്നായിരുന്നു. കഥയിലുടനീളം അവർ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. അയ്യപ്പനും കോശിക്കുമിടയിൽ നിസ്സഹായനായിപ്പോകുന്ന സി.ഐ. ആയി അനിൽ നെടുമങ്ങാട് കരിയറിലെ ഏറ്റവും മികച്ച പ്രകടനങ്ങളിലൊന്ന് അവതരിപ്പിച്ചിരിക്കുന്നു. രഞ്ജിത് ചിലയിടങ്ങളിൽ ഒരു മിസ് കാസ്റ്റ് പോലെ തോന്നിച്ചു.

ഇനി പൃഥ്വിരാജിനെപ്പറ്റി. ഡ്രൈവിംഗ് ലൈസൻസ് ഫ്ലെക്സിബിലിറ്റിയിലേക്കുള്ള അയാളുടെ ആദ്യ ചുവടുവെപ്പായിരുന്നെങ്കിൽ ഈ സിനിമ അയാളുടെ കാലുറപ്പിനെ കാണിക്കുന്നു. പ്രത്യേകിച്ചും രണ്ടാം പകുതിയിലെ കോശിയേയും, ഈഗോയ്ക്കും തിരിച്ചറിവിനും ഇടയിലുള്ള അയാളുടെ ആശയക്കുഴപ്പത്തേയും പൃഥ്വി അത്രമേൽ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്.പക്ഷേ അയാൾ യഥാർത്ഥ അഭിനന്ദനം അർഹിക്കുന്നത് ഇത്തരമൊരു റോൾ കരിയറിന്റെ ഈ ഘട്ടത്തിൽ സ്വീകരിക്കാൻ അയാൾ കാണിച്ച സന്നദ്ധതയാലാണ്. എൻഡ് ക്രെഡിറ്റിലെ ആദ്യ പേര് ബിജു മേനോന്റെയാകുന്നത് സിനിമയോട് പൃഥ്വി പുലർത്തുന്ന അസൂയാവഹമായ പ്രണയം കൊണ്ടാണ്.

ആണത്തത്തിന്റെ അഴിഞ്ഞാട്ടം ആണ് ചിത്രത്തിൽ ഉടനീളമെങ്കിലും, ആണ് മേൽക്കോയ്മയിൽ നിന്നും ഉയരുന്ന അഹങ്കാരത്തിന്റെ മുഖം അടച്ചുള്ള അടിയും കൊടുക്കുന്നുണ്ട്, ചിത്രത്തിലെ ചെറുതെങ്കിലും ശക്തമായ സ്ത്രീ കഥാപാത്രങ്ങളിലൂടെ. പ്രത്യക്ഷത്തിൽ കോശിയുടെയും അയ്യപ്പന്റെയും സംഘർഷം ആണ് സ്ക്രീനിൽ തെളിയുന്നതെങ്കിലും, നിറങ്ങളും ജാതി മത ലിംഗ വ്യത്യാസങ്ങൾ തമ്മിലുള്ള സംഘർഷവും, അടിച്ചമർത്തലുകളും അതിജീവനവും എല്ലാം ചിത്രത്തിൽ ഉണ്ട്.

മലയാള സിനിമയിലെ ഏറ്റവും റിഗ്രസീവായ ഒരുപിടി ഡയലോഗുകൾ എഴുതിയിട്ടുള്ള രഞ്ജിതിനെ പോലെ ഒരാളെക്കൊണ്ട് അതേ ശൈലിയിലുള്ള ഒരു സംഭാഷണം( പ്രതികാരം ആണുങ്ങൾക്ക് പറഞ്ഞിട്ടുള്ളതാണെന്ന ടൈപ്പ് സാധനം) പറയിപ്പിക്കാനും " അപ്പോ പെണ്ണുങ്ങൾക്കോ " എന്ന ഒരൊറ്റ ഡയലോഗ് കൊണ്ട് മുഖമടച്ചാട്ട് കിട്ടിയവനാക്കാനും സച്ചി ശ്രദ്ധിച്ചിട്ടുണ്ട്. മാസ്കുലിനിറ്റി തിരശ്ശീലയിൽ അണപൊട്ടിയൊഴുകുമ്പോഴും, ഗൗരി നന്ദ അവതരിപ്പിച്ച അയ്യപ്പൻ നായരുടെ ഭാര്യാ കഥാപാത്രത്തിനാൽ ആ ഒഴുകുന്നതൊക്കെയും ഉരുക്കി വറ്റിക്കാൻ അയാൾക്കാവുന്നുണ്ട്. വീട്ടിനു മുമ്പിൽ വന്ന് ഭീഷണിപ്പെടുത്താൻ ശ്രമിക്കുന്ന കോശിക്കു മുമ്പിൽ എളിക്കു കൈയും കുത്തി അവളുടെ ഒരു നിൽപ്പുണ്ട്. വിരിഞ്ഞ നെഞ്ചും, പിരിച്ച മീശയും,കട്ടിത്താടിയുമുള്ള നായകൻ അവൾക്കു മുമ്പിൽ ചൂളുന്നത് സുന്ദരമായ ഒരു കാഴ്ച്ചയായിരുന്നു. തറവാട്ടു പേരും, കോണ്ടാക്ട് ലിസ്റ്റിൽ ഉന്നതന്മാരുടെ നമ്പറുകളും, ഇട്ടു മൂടാൻ കാശുമുള്ള ടിപ്പിക്കൽ നായക കഥാപാത്രമായ കോശി അത്തരം ആഡംബരങ്ങളൊന്നുമില്ലാത്ത, ജോലി പോലും നഷ്ടപ്പെട്ട അയ്യപ്പൻ നായർ എന്ന പോലീസുകാരനു മുമ്പിൽ തോൽക്കുന്നത് സമാനതകളില്ലാത്ത വിധമാണ്.

ജെയ്ക്സ് ബിജോയുടെ പാട്ടുകളും പശ്ചാത്തല സംഗീതവും ചിത്രത്തിനു നൽകുന്ന ഊർജ്ജവും ഭംഗിയും എടുത്തു പറയേണ്ടതാണ്. സുദീപ് എളമണിന്റെ മനോഹര ദൃശ്യങ്ങളുമായും മോഹൻദാസിന്റെ കലാസംവിധാനവുമായും അട്ടപ്പാടിയുടെ പ്രകൃതിയുമായും ഇഴുകി ചേർന്നു

നിൽക്കുന്ന പാട്ടുകൾ ചിത്രത്തിന്റെ മാറ്റ് കൂട്ടുന്നുണ്ട്. പ്രത്യേകിച്ച് നഞ്ചമ്മ വരികളെഴുതി പാടിയ ഗാനം.

ആരാണ് വില്ലൻ ആരാണ് നായകൻ എന്ന് നിശ്ചയിക്കാൻ ആവാതെ ആരാണ് ശരി ആരാണ് തെറ്റ് എന്നുള്ള ആശങ്കയോടെ , സിനിമ കൊട്ടകകളിൽ കസേരയുടെ തുമ്പിൽ ഇരുന്നു കൊണ്ട് ആവേശത്തോടെ കണ്ടിറങ്ങാവുന്ന ചിത്രം ആണ് അയ്യപ്പനും കോശിയും.

By Jithesh Mangalath & Arjun Anand